കേരളസംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ
ഫോൺ: 0471-2311215, e-mail: kswcfc@gmail.com Website: www.kswcfc.org

## സിവിൽസർവ്വീസസ് പരീക്ഷകൾക്കായുള്ളപരിശീലന ധനസഹായ പദ്ധതി.

2018-19 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ/തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്കുള്ള വിദ്യാസമുന്നതി സിവിൽ സർവ്വീസസ് പരീക്ഷാ പരിശീലന ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ:-

- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ ഓൺലൈൻ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ലഭിക്കുന്ന രജിസ്റ്റർ നമ്പർ ഉപയോഗിച്ച് മാത്രമേ പരിശീലന ധനസഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഒരുതവണ മാത്രം ചെയ്യേണ്ടതും പ്രസ്തുത രജിസ്ട്രേഷൻ നമ്പർ സൂക്ഷിച്ച്വയ്ക്കേണ്ടതുമാണ്. കോർപ്പറേഷൻ ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ ഈ രജിസ്ട്രേഷൻ നമ്പർ അനിവാര്യമാണ്.
- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- അപേക്ഷകരുടെ (പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) കുടുംബ വാർഷിക വരുമാനം **നാലര ലക്ഷം (4,50,000/-)** രൂപയിൽ താഴെ ആയിരിക്കണം.
- പരിശീലന ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെപറയുന്ന രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

1. ജാതി തെളിയിക്കുന്ന രേഖ- വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificate.
   (വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/ മറ്റുരേഖകൾ സ്വീകാര്യമല്ല)
2. വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/ വില്ലേജ് ഓഫീസർ നൽകുന്നത്).
3. ഡിഗ്രി സർട്ടിഫിക്കറ്റ്.
4. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് **(വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്)**.
5. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, IFSC എന്നിവ വ്യക്തമായിരേഖപ്പെടുത്തിയത്).
6. ആധാർകാർഡ്

- ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ കോർപ്പറേഷനിൽ അയച്ചുതരേണ്ടതില്ല.
- പരീക്ഷാ പരിശീലനം നേടുന്ന ഉദ്യോഗാർത്ഥിക്ക് സിവിൽ സർവ്വീസസ് പരീക്ഷ എഴുതുന്നതിനായി വേണ്ടുന്ന യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.
- അപേക്ഷകർ പരീക്ഷ പരിശീലനത്തിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ പഠിച്ച് കൊണ്ടിരിക്കുന്നവരാകണം. അപേക്ഷകരുടെ പ്രായ പരിധി 32 വയസ്സാണ്.
- സിവിൽ സർവ്വീസസ് പ്രിലിമിനറി കോഴ്സിന് 40 പേർക്ക് ധനസഹായമായി പരമാവധി 15,000/- രൂപയും, സിവിൽ സർവ്വീസസ് മെയിൻസ് കോഴ്സിന് 20 പേർക്ക് ധനസഹായമായി പരമാവധി 25,000/- രൂപയും, തെരെഞ്ഞെടുക്കപ്പെട്ട 10 ഉദ്യോഗാർത്ഥികൾക്ക് സിവിൽസർവ്വീസസ് ഇന്റർവ്യുവിന് പങ്കെടുക്കുവാൻ ധനസഹായമായി പരമാവധി 30,000/- രൂപയും ആണ് ലഭിക്കുക.
- പരിശീലന ധനസഹായം"**ഒടുക്കിയ ഫീസ്തിരികെ നൽകുന്ന മാതൃകയിൽ ആണ്**". പരിശീലന ധനസഹായം പ്രിലിമിനറി കോഴ്സിന് പരമാവധി 15,000/- രൂപയും, മെയിൻസ് കോഴ്സിന് പരമാവധി 25,000/- രൂപയും ഇന്റർവ്യുവിന് 30,000/- രൂപയും എന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, അപേക്ഷകൻ ഒടുക്കിയ ഫീസ്തുക മാത്രമേ അനുവദിച്ച് നൽകുകയുള്ളൂ.
- സിവിൽ സർവ്വീസസ് (മെയിൻസ്) കോഴ്സിനുള്ള ധനസഹായത്തിനായി അപേക്ഷിക്കുന്നവർ U.P.S.C നടത്തിയ പ്രിലിമിനറി പരീക്ഷ പാസ്സായിരിക്കണം റോൾനമ്പർ സംബന്ധിച്ച വിവരം പരിശീലനം നടത്തുന്ന സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.
- ഓരോ ഗ്രേഡ് ലെവൽ പരീക്ഷയ്ക്കും തയ്യാറാകാനുള്ള ധനസഹായം അപേക്ഷകന് ഒരുതവണ മാത്രമേ ലഭിക്കുകയുള്ളൂ. ആദ്യമായി പരീക്ഷ അഭിമുഖീകരിക്കുന്നവർക്ക് മുൻഗണന നൽകുന്നതായിരിക്കും.
- ***കേരളസംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രസ്തുത പരീക്ഷാ പരിശീലന സഹായം മുമ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ല.***
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകന്റെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ.

- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

  - അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **07.12.2018** ആണ്. അപേക്ഷകർക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷ പ്രസ്തുത തീയതിവരെ മാത്രമേ തിരുത്തുന്നതിനുള്ള അവസരം ലഭിക്കുകയുള്ളൂ. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Uploadചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

- പരിശീലന ധനസഹായത്തിനായി ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേയ്ക്ക് SMSലഭിക്കുന്നതാണ്. **<u>SMSലഭിക്കുന്ന അപേക്ഷകർ മാത്രംതാഴെപ്പറയുന്ന രേഖകൾ</u>** തപാലിൽ Kerala State Welfare Corporation for Forward Communities ltd, TC9/476, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

  - ➢ ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.
  - ➢ ജാതി തെളിയിക്കുന്ന രേഖ- വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificateന്റെ പകർപ്പ്.
    (വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/മറ്റുരേഖകൾ സ്വീകാര്യമല്ല)
  - ➢ വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/ വില്ലേജ് ഓഫീസർ നൽകുന്നത്).
  - ➢ ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
  - ➢ പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ്. (**വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്**).
  - ➢ അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട്നമ്പർ, ബ്രാഞ്ച്, IFSC എന്നിവ വ്യക്തമായി രേഖപ്പെടുത്തിയത്).
  - ➢ ആധാർകാർഡിന്റെ പകർപ്പ്.
  - ➢ പരിശീലനത്തിനായി ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.